തൊഴിലാളികൾക്ക് ലഭ്യമാക്കേണ്ടുന്ന ആനുകൂല്യങ്ങളുടെ കുടിശ്ശിക വിതരണം ചെയ്യാൻ നടപടി

43 [3487] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ* ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പു മുഖേന ഏതെല്ലാം തൊഴിലാളി വിഭാഗങ്ങൾക്കാണ് ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വിഭാഗത്തിലുംപ്പെട്ട തൊഴിലാളികൾക്ക് ലഭ്യമാക്കേണ്ടുന്ന ഓരോ ആനുകൂല്യങ്ങളിലും എന്തുമാത്രം തുകയുടെ ആനുകൂല്യങ്ങൾ കുടിശ്ശികയായി വിതരണം ചെയ്യാനുണ്ടെന്നും എന്നുമുതലുള്ള കുടിശ്ശികയാണ് വിതരണം ചെയ്യാനുള്ളതെന്നും ഇനം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) ഈ ആനുകൂല്യങ്ങളുടെ കുടിശ്ശിക വിതരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പുമുഖേന നൽകി വരുന്ന ക്ഷേമനിധി ആനുകൂല്യങ്ങൾ കർഷക തൊഴിലാളി പെൻഷൻ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 60 വയസ്സ് കഴിഞ്ഞ ചുരുട്ടുതൊഴിലാളികൾക്ക് നൽകി വരുന്ന പെൻഷൻ, കശുവണ്ടി തൊഴിലാളി ആശ്വാസക്ഷേമനിധി ബോർഡ് നിലവിൽ വരുന്നതിനു മുൻപ് സർവീസിൽ നിന്നും വിരമിച്ചവർക്കുള്ള പെൻഷൻ എന്നിവയാണ്. ഇതുകൂടാതെ വിവിധ വിഭാഗം തൊഴിലാളികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിവിധ ക്ഷേമനിധി ബോർഡുകൾ വഴിയും നൽകി വരുന്നുണ്ട്.

(ബി) തൊഴിൽ വകുപ്പുവഴി നേരിട്ട് നൽകുന്ന പെൻഷൻ പദ്ധതികൾ സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

1. കർഷകതൊഴിലാളി പെൻഷൻ

1-4-2003 മുതൽ 28-2-2005 വരെയുള്ള 23 മാസത്തെ കുടിശ്ശിക വിതരണം ചെയ്യേണ്ടതുണ്ട്. ഇതിനായി 1,64,62,46,574 രൂപ ആവശ്യമായി വരും.

2. ചുരുട്ടുതൊഴിലാളി പെൻഷൻ

1-9-2004 മുതൽ 28-2-2005 വരെയുള്ള 6 മാസത്തെ കുടിശ്ശിക വിതരണം ചെയ്യുന്നതിനായി 2,64,000 രൂപ ആവശ്യമായി വരും.

LIBRARY ARCHIVES Kerala Legislative Assembly